# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 565** **01.12.2015- ൽ മറുപടിക്ക്**

## ഉദുമ സ്പിന്നിംഗ് മിൽസിന്റെ ഉൽഘാടനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിന്റെ ഉൽഘാടനം എന്നാണ് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ ഉൽഘാടനം 2011 ജനുവരി 28 തീയതിയിലാണ് നടന്നിട്ടുള്ളത്. |
| (ബി) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് നാളിത് വരെയായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) 31.03.2014 വരെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ മൊത്തം ചിലവ് 24.86 കോടി രൂപയാണ്. വായ്പകൾക്കുള്ള പലിശ 4.38 കോടി രൂപയും, ചെയ്ത തീർത്ത ജോലികൾക്കും മറ്റുമായി കൊടുത്തു തീർക്കേണ്ട 3.08 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. ഇനം തിരിച്ചുള്ള ചിലവ് താഴെപ്പറയും പ്രകാരമാണ് |

(തുക കോടി രൂപയിൽ)

| | |
|---|---|
| കെട്ടിടങ്ങൾ | 6.57 |
| പ്ലാന്റ്, മെഷീനറി | 13.30 |
| ഇലക്ട്രിക്കൽ വർക്കുകൾ | 2.04 |
| മറ്റ് ആസ്തികൾ | 0.29 |
| പ്രിലിമിനറി, പ്രീ-ഓപ്പറേറ്റീവ് ചിലവുകൾ (പ്രാരംഭ ചിലവുകൾ) | 2.66 |
| ആകെ | **24.86** |

(സി) പ്രസ്തുത സ്ഥാപനത്തിന് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഇല്ല. പദ്ധതിക്കാവശ്യമായ നിയമനങ്ങൾ, പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ എന്നിവ പൂർത്തിയാകാത്തതിനാലാണ് വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങുവാൻ കഴിയാത്തത്.

(ഡി) പ്രസ്തുത സ്ഥാപനം വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം നടത്തുമ്പോൾ എത്ര പേർക്ക് തൊഴിൽ കിട്ടും; നിലവിൽ ഈ സ്ഥാപനത്തിൽ എത്ര പേർ ജോലി ചെയ്യുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പദ്ധതിപ്രകാരം 178 പേർക്ക് തൊഴിൽ നൽകുവാൻ കഴിയും. നിലവിൽ 5 പേരാണ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ ഏജൻസി മേൽ സ്ഥാപനത്തിലെ ഒഴിവുകൾ നികത്തുന്നതിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ എന്ത് അപാകതയാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) നിയമന പ്രക്രിയയുടെയും വ്യവസ്ഥകളുടെയും നിയമ സാധുതയെ ചോദ്യം ചെയ്തുകൊണ്ടും, നിയമന നടപടികളിൽ പങ്കെടുക്കുന്നതിന് അർഹമായ അവസരം ലഭിച്ചില്ല എന്ന് ആരോപിച്ചുകൊണ്ടും വിവിധ കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ പരിഗണനക്കു വന്ന സാഹചര്യത്തിൽ സർക്കാർ കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ (കെ.എസ്.പി.സി) മുഖാന്തിരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യുകയുണ്ടായി. പുതിയ നിയമന നടപടികൾ സ്വീകരിച്ച് പുതിയ റാങ്ക് ലിസ്റ്റ് റിയാബിന്റെ മേൽനോട്ടത്തിൽ ഉണ്ടാക്കണമെന്ന് വിവക്ഷിച്ചിരുന്നു. റിയാബിന്റെ മേൽനോട്ടത്തിൽ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ നടപടി തുടങ്ങി

വച്ചിരുന്നെങ്കിലും ആയത് പൂർത്തിയായിട്ടില്ല. ഇതിനെതിരെ ബഹു.കേരളാ ഹൈക്കോടതി മുൻപാകെ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(എഫ്) മേൽ സ്ഥാപനത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ?

(എഫ്) 2010-11 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ച് കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണിത്. എന്നാൽ പദ്ധതി ചെലവ് കൂടിയതിനാൽ പുതിയ അടങ്കൽ തുകയായ 21.09 കോടി രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി 23.06.2015 ലെ ജി.ഒ(എം.എസ്)നം.86/2015/വ്യവ പ്രകാരം നൽകിയിട്ടുണ്ട്. പുതിയ അടങ്കൽ തുകക്കുള്ള വിശദമായ പദ്ധതി രൂപരേഖ ഉണ്ടാക്കുന്നതിനായുള്ള നടപടികൾ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**